I/141839/2024

<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

| | |
|---|---|
| വിഷയം: | ആ.വ.ഡ - ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റൻറ് സർജൻ തസ്തികയിൽ പുനഃ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം: | 1. ഉത്തരവ് നം. ഇ.എ3- 12000/2023/ആ.വ.ഡ തീയതി 26.09.2023<br>2. നം. ഹെൽത്ത് എ3 - 1 / 2024 , തീയതി 12.01.2024 |

**<u>ഉത്തരവ് നം. DHS/12000/2023-EA3 തീയതി.21-01-2024</u>**

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമന ശിപാർശ ചെയ്യപ്പെട്ട **Ahammad A, Arafa Manzil, Kaitharakonam, Kanyakulangara, Thiruvananthapuram -695615** നെ സൂചന (1) ഉത്തരവ് പ്രകാരം കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവ് ആയിരുന്നു. എന്നാൽ നിശ്ചിത തീയതിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാത്തതിനാൽ ടി ഡോക്ടർ സമർപ്പിച്ച അപേക്ഷ സർക്കാർ പരിഗണനയ്ക്ക് അയച്ചിട്ടുള്ളതും സൂചന (2) പ്രകാരം സർക്കാരിൽ നിന്നും നിരസിച്ച് വരികയും ചെയ്തിട്ടുണ്ട്. നിലവിൽ നിയമനം നൽകിയ മേൽ സ്ഥാപനത്തിൽ ഒഴിവില്ലാത്തതിനാൽ **Ahammad A** യെ **ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ കുടുംബാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ** തസ്തികയിൽ പുനഃ നിയമിച്ച് ഉത്തരവ് ആകുന്നു.

ടിയാൾ **25.01.2024** തീയതിയ്ക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം **ആലപ്പുഴ** ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

Signed by
Dr Reena K J
Date: 21-01-2024 12:43:41
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

**Ahammad A, Arafa Manzil, Kaitharakonam, Kanyakulangara, Thiruvananthapuram -695615**

I/141839/2024

പകർപ്പ്:- 1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), **ആലപ്പുഴ**
(അഹമ്മദ് എ യെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിനു വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. M.O i/c, FHC ആറാട്ടുപുഴ, ആലപ്പുഴ
(ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ/ കരുതൽ ഫയൽ